**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3279** | | **19.06.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ആമയിഴഞ്ചാൻതോടിൽ നിന്നും മാലിന്യം നീക്കുന്നതിന് നടപടി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.എസ്.ശിവകുമാർ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തിരുവനന്തപുരം നഗരത്തിലെ മാലിന്യവാഹിനിയായി മാറിയ ആമയിഴഞ്ചാൻതോടിൽനിന്നും മാലിന്യം നീക്കുന്നതിന് നഗരസഭയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | ആമയിഴഞ്ചാൻ തോട് ശുചീകരണവുമായി ബന്ധപ്പെട്ട് മെയ് 11, 12 തീയതികളിലായി തിരുവനന്തപുരം നഗരസഭ ഷെഡ്യൂൾ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണമ്മൂല ജംഗ്ഷൻ മുതൽ പുലിക്കോട് പാലം വരെയുള്ള തോട്ടിന്റെ ഭാഗത്ത് നിന്നും ജെ.സി.ബി, വള്ളം എന്നിവ ഉപയോഗിച്ച് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ബോധവൽക്കരണം നടത്തിവരുന്നു. തോടിന്റെ ശുചീകരണ പ്രവർത്തനങ്ങൾ മെയ് 11 മുതൽ 10 ദിവസത്തേക്ക് നീണ്ടുനിന്നു. തിരുവനന്തപുരം നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ 10 ദിവസങ്ങളിലായി ആകെ 1525 ജീവനക്കാരെ പങ്കെടുപ്പിച്ചാണ് ശുചീകരണം നടത്തിയത്. 46 ലോഡ് മാലിന്യങ്ങൾ ഈ കാലയളവിൽ നീക്കം ചെയ്യുകയുണ്ടായി. അതിൽ നിന്നും അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്, കുപ്പി എന്നിവ കഴുകി വൃത്തിയാക്കി നഗരസഭയുടെ MRF കളിലേയ്ക്ക് റീസൈക്ലിംഗിനായി മാറ്റുകയും ചെയ്തു. ഏകദേശം 1000 $m^3$ മാലിന്യങ്ങൾ ഇതിനോടകംതന്നെ നഗരസഭ നീക്കം ചെയ്തിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി തോടിന്റെ ഇരുവശങ്ങളിലും വേലി സ്ഥാപിക്കുന്നതിനും തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും വേണ്ടി 2018-19 പ്ലാൻ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്ന ജോലി ഏകദേശം പൂർണ്ണമായിട്ടുണ്ട്. സംരക്ഷണ ഭിത്തി, വേലി നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. |
| (ബി) | എത്ര ദിവസമാണ് തോട് ശുചീകരിച്ചതെന്നും ഏത് ഭാഗത്താണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ